**ശുചിത്വമിഷൻ**

**തദ്ദേശ സ്വയംഭരണ വകുപ്പ്**

**കേരള സർക്കാർ**

'ഭരണഭാഷ മാതൃഭാഷ'

നമ്പർ : SM/786/2026-E1 തീയതി :15-09-2026

പ്രേഷിതൻ

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

സർ,

വിഷയം:- ശുചിത്വമിഷൻ - സ്വച്ഛതാ ഹി സേവാ ക്യാമ്പയിൻ - സംബന്ധിച്ച്

സൂചന:- 07.09.2026 തീയതിയിലെ D.O No.S-18020/47/2026-SBM-II- DDWS നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2026 സെപ്റ്റംബർ 17 മുതൽ ഒക്ടോബർ 17 വരെ ഒരു മാസം നീണ്ടു നിൽക്കുന്ന സ്വച്ഛതാ ഹി സേവാ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. സ്വച്ഛത് ഹാ സി സേവാ ക്യാമ്പയിൻ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മലയാളത്തിൽ തയ്യാറാക്കിയത് കത്തിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് പ്രകാരം ക്യാമ്പയിൻ ആസൂത്രണം ചെയ്യേണ്ടതും ജില്ലാതലത്തിൽ ക്രോഡീകരിച്ച് നടപ്പിലാക്കേണ്ടതുമാണെന്ന് അറിയിക്കുന്നു. ഇതിനായി തനത് ഫണ്ട്/ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് കൂടാതെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)/അർബൻ ഫണ്ടുകൾ വിനിയോഗിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

DR.BINU FRANCIS IAS

EXECUTIVE DIRECTOR

4th ഫ്ളോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം 695 033 ഫോൺ 0471 – 2316730, 2319831, 2312730

ഇ-മെയിൽ :sanitation.sm@kerala.gov.in, www.sanitation.kerala.gov.in,sanitationkerala@gmail.com



File No. LSGD/JD/TVM/3117/2025-G1 (Computer No. 495811)

Generated from eOffice by Salisha S, G1-(JDTVM)-LSGD, G1 JDTVM LSGD, JDTVM LSGD on 17/09/2026 01:41 PM

पेयजल एवं स्वच्छता विभाग
जल शक्ति मंत्रालय
भारत सरकार
DEPARTMENT OF DRINKING WATER AND SANITATION
MINISTRY OF JAL SHAKTI
GOVERNMENT OF INDIA

SWACHHATA HI SEVA 2026
17th September - 2nd October 2026
Swachhata Mein Sahbhag
Swachh Bharat, Viksit Bharat

आवासन और शहरी कार्य मंत्रालय
भारत सरकार
MINISTRY OF HOUSING AND URBAN AFFAIRS
GOVERNMENT OF INDIA

# കൈയ്യോട്കൈ

കൈകോർക്കാം, മാലിന്യരഹിത പുതുയുഗ കേരളത്തിനായി

**പശ്ചാത്തലം**

2017 മുതൽ രാജ്യത്ത് സ്വച്ഛ ഭാരത് മിഷന്റെ ആഭിമുഖ്യത്തിൽ എല്ലാ ഗാന്ധി ജയന്തിയോടനുബന്ധിച്ച് സെപ്റ്റംബർ 17 മുതൽ ഒക്ടോബർ 2വരെ **സ്വച്ഛതാ ഹി സേവ** എന്ന പേരിൽ വിവിധ തരം ശുചീകരണ പ്രവർത്തനങ്ങൾ ആഘോഷപൂർവ്വം സംഘടിപ്പിച്ച് ആസൂത്രണം ചെയ്തു പോരുന്നു. സ്വച്ഛ സർവ്വേക്ഷൺ റാങ്കിംഗിലടക്കം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മികവ് ദേശീയതലത്തിൽ വിലയിരുത്തുന്നുവെന്നത് കൊണ്ട് തന്നെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും ഇതിൽ മത്സരബുദ്ധിയോടെ പങ്കെടുക്കുന്നു. ഓരോ വർഷവും ഓരോ തീമിനെ അടിസ്ഥാനപ്പെടുത്തിയാണ് ക്യാമ്പയിൻ രൂപകൽപ്പന ചെയ്യുന്നത്. ഈ വർഷം Swachhata Mein Sabhag, Swachh Bharat, Vikasit Bharat എന്ന ആശയത്തിലൂന്നി 'എല്ലാവരും ഒത്തൊരുമിച്ച് മാലിന്യമുക്തിക്കായി' എന്ന ആപ്തവാക്യമാണ് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന ശുചിത്വ മിഷൻ റീബ്രാൻഡ് ചെയ്തിരിക്കുന്ന ക്യാമ്പയിനാണ് **കൈയ്യോട്കൈ** – കൈകോർക്കാം, മാലിന്യരഹിത പുതുയുഗ കേരളത്തിനായി. ഗാന്ധി ജയന്തിദിനം മുതൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തയ്യാറെടുക്കുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ കർട്ടൻ റെയ്സറായാണ് **കൈയ്യോട്കൈ** ആസൂത്രണം ചെയ്യേണ്ടത്. എംഐഎസ് സമർപ്പിക്കുന്നതിലടക്കം സ്വച്ഛതാ ഹി സേവയുടെ എല്ലാ പ്രവർത്തനപ്രചരണങ്ങളിലും കേന്ദ്രം നൽകിയിരിക്കുന്ന ലോഗോ ഉപയോഗിച്ചാണ് പ്രചരണം നടപ്പിലാക്കേണ്ടത്.

**കേന്ദ്ര മന്ത്രാലയം നിർദ്ദേശിക്കുന്ന ക്യാമ്പയിന്റെ ഘടകങ്ങൾ**

1. പൊതുയിടങ്ങളിലെ CTU(ക്ലെൻലിനെസ്സ് ടാർഗറ്റ് യൂണിറ്റ്)കൾ കണ്ടെത്തി ശുചീകരിക്കുക
2. ചെറുപ്പക്കാരെ ആകർഷിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിനായി സ്വച്ഛ പാഠശാല
3. ശുചീകരണ തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യംവെച്ച് സഫായി മിത്ര സുരക്ഷാ ഏവം സമ്മാൻ ശിവിർ
4. വിവിധ ജനവിഭാഗങ്ങളെ ഉൾക്കൊള്ളിച്ച് പ്രവർത്തനം ഏകീകരിക്കുന്നതിലേക്കായി ജൻ ഭാഗീധാരി ഫോർ സ്വച്ഛതാ
5. വേസ്റ്റ് ടു വെൽത്ത് എന്ന ആശയത്തിലൂന്നി സ്വച്ഛതാ സേ സമൃദ്ധി

എന്നീ 5 ഘടകങ്ങളെ അധിഷ്ഠിതപ്പെടുത്തി വിവിധ ടൈംലൈനുകളിലായി സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങളാണ് ക്യാമ്പയിനുള്ളത്.
പ്രസ്തുത ഘടകങ്ങളെ അടിസ്ഥാനമാക്കി കേരളത്തിൽ കൈയ്യോട്കൈ എന്ന ക്യാമ്പയിനെ പ്രയോജനപ്പെടുത്താം എന്നത് ചുവടെ വിവരിക്കുന്നു.

1. ഒറ്റ നോട്ടത്തിൽ മാലിന്യക്കൂനകൾ കാണാത്തവണ്ണം അവ സമയബന്ധിതമായി നീക്കം ചെയ്യുകയും അത്തരം ഇടങ്ങളിൽ വീണ്ടും മാലിന്യം വരാത്തവണ്ണം പരിപാലിക്കുകയും ചെയ്യുന്ന പ്രവർത്തനം. ഇതിലൂടെ ഒക്ടോബർ 2ന് സംസ്ഥാന ക്യാമ്പയിൻ ലോഞ്ചിന്റെ ഭാഗമായി ഓരോ നഗരസഭയിലും പഞ്ചായത്തിലും വൃത്തിയാക്കിയെടുത്ത ഇടങ്ങൾ ഏതൊക്കെയെന്ന് ജനങ്ങളെ അറിയിക്കുകയും തുടർന്നുള്ള സംസ്ഥാന ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ അത്തരം ഇടങ്ങളെ ബ്യൂട്ടി സ്പോട്ടുകൾ ആക്കി പരിവർത്തനം ചെയ്യാം.
   ഇതിനെ സ്വച്ഛതാ ഹി സേവയുമായി ബന്ധപ്പെടുത്തി CTU = Cleanliness Target Unit ശുചീകരിച്ചതായി രേഖപ്പെടുത്താനും സാധിക്കും

**സമയപരിധി**
15 സെപ്റ്റംബർ 2026-നകം എല്ലാ CTU-കളും IT Portal-ൽ geo-locate ചെയ്യണം.

ലക്ഷ്യം **വൃത്തിയാക്കൽ മാത്രം അല്ല; വൃത്തിയാക്കിയ സ്ഥലം വീണ്ടും മാലിന്യകേന്ദ്രമാകാതിരിക്കാൻ സ്ഥിരമായ സംവിധാനം ഒരുക്കുക**യും വരാനിരിക്കുന്ന സംസ്ഥാനതല ക്യാമ്പയിനിൽ ഇവയിൽ മെച്ചപ്പെട്ടവയെ ബ്യൂട്ടി സ്പോട്ടുകളായി വികസിപ്പിക്കുകയും ചെയ്യുക എന്നതാണ്.

പൊതുജനങ്ങൾ എന്നും അതൃപ്തിയോടെ പ്രതികരിക്കുന്ന ഒന്നാണ് പൊതുശുചിമുറികൾ. ഇവയുടെ പരിപാലനത്തിനുൾപ്പെടെ സ്ഥിരമായൊരു സംവിധാനം സംസ്ഥാനതല ക്യാമ്പയിൻ ലക്ഷ്യംവെയ്ക്കുമ്പോൾ നിലവിൽ പ്രവർത്തനക്ഷമമായവയെ സംസ്ഥാനതല ക്യാമ്പയിന് തയ്യാറാക്കുന്നതിലേക്കായി പൊതു ശുചിമുറികൾ FACES മാനദണ്ഡം പാലിക്കുന്നുണ്ടോയെന്നത് ഉൾപ്പെടെ പരിശോധിച്ച് വിലയിരുത്തുന്ന ഘട്ടം

- **F – Functional** – പ്രവർത്തനക്ഷമം
- **A – Accessible** – എല്ലാവർക്കും ഉപയോഗിക്കാവുന്നത്
- **C – Clean** – വൃത്തിയുള്ളത്

- **E – Eco-friendly** – പരിസ്ഥിതി സൗഹൃദം
- **S – Safe** – സുരക്ഷിതം.

ഓരോ toilet/CSC-ക്കും **Operation & Maintenance (O&M) സംവിധാനം** വ്യക്തമായി നിശ്ചയിക്കണം.

2. സംസ്ഥാനതല ക്യാമ്പയിനിലേക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന പ്രവർത്തനങ്ങളിലൂടെ ചെറുപ്പക്കാരെ ആകർഷിക്കുകയും അവർ എങ്ങനെ ക്രിയാത്മകമായി ക്യാമ്പയിന്റെ ഭാഗമാകുമെന്നതും വിവരിച്ചു നൽകുന്നതിനായുള്ള പ്രവർത്തനങ്ങളുടെ ഏകോപനം.

**പ്രധാന പരിപാടികൾ**

- Waste Management facilities സന്ദർശനം
- Composting demonstration
- 4-way source segregation ബോധവൽക്കരണം
- ജലസംരക്ഷണ ചർച്ചകൾ
- Personal hygiene
- Handwashing
- Menstrual hygiene
- Single-use plastic ഒഴിവാക്കൽ
- Waste management സംബന്ധിച്ച ചർച്ചകൾ.

**മത്സരങ്ങൾ**

- Essay
- Poetry
- Painting
- Poster
- Slogan
- Quiz
- Debate
- Storytelling
- Jingle തുടങ്ങിയവ നടത്താം.

സ്വച്ഛതാ ഹി സേവാ ക്യാമ്പയിന്റെ സ്വച്ഛ പാഠശാല എന്ന വിഭാഗത്തിൽ ഉൾക്കൊള്ളിച്ച് ഇത്തരം പ്രവർത്തനങ്ങളെ ദേശീയ പോർട്ടലിൽ പ്രതിഫലിപ്പിക്കുകയും ചെയ്യാം.

3. ഒക്ടോബർ 2 മുതൽ സംസ്ഥാനം തുടങ്ങാനിരിക്കുന്ന ക്യാമ്പയിനെ മുന്നിൽ നിന്ന് നയിക്കേണ്ടവരാണ് ശുചീകരണ തൊഴിലാളികൾ. ഇവർ മാത്രമാണ് ഈ തൊഴിൽ ചെയ്ത് നാടിനെ വൃത്തിയാക്കേണ്ടതെന്ന മനോഭാവം ആർക്കെങ്കിലുമുണ്ടെങ്കിൽ അതിനെ ഉടച്ച് വാർത്ത് നമ്മളിൽ ഓരോരുത്തരും ശുചീകരണ പ്രവർത്തകരാണെന്ന് ഭാവത്തോടെ പ്രവർത്തിക്കേണ്ട ക്യാമ്പയിൻ ഘട്ടമാണിത്.

ശുചീകരണ തൊഴിലാളികൾക്കും നം അവരുടെ കുടുംബങ്ങൾക്കും ഒരു **single-window service camp** ഒരുക്കുന്നു. ഇത് **30 സെപ്റ്റംബർ 2026** ന് സംഘടിപ്പിക്കാം.

**പ്രധാന സേവനങ്ങൾ**

🩺 **ആരോഗ്യം**

- Health check-up
- Preventive screening
- Doctor consultation
- Referral

🦺 **സുരക്ഷ**

- PPE
- Protective equipment
- Safety awareness

📋 **ക്ഷേമപദ്ധതികൾ**

അർഹരായ തൊഴിലാളികളെ വിവിധ Central/State welfare schemes-ുമായി ബന്ധിപ്പിക്കുക.

🏅 **അംഗീകാരം**

- ആദരിക്കുക
- ശുചീകരണ തൊഴിലാളിക്കൊപ്പം ഒരു ദിനം
- സംവാദങ്ങൾ, games, interaction എന്നിവ നടത്തുക.

പ്രവർത്തകരെയും കുടുംബാംഗങ്ങളെയും സംബന്ധിച്ച **health services, PPE distribution, scheme linkage, applications, referrals** തുടങ്ങിയവയുടെ രേഖ സൂക്ഷിക്കണം. സ്വച്ഛതാ ഹി സേവ ക്യാമ്പയിന്റെ സഫായി മിത്ര സുരക്ഷാ ഏവം സമ്മാൻ ശിവിർ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഇത്തരം പ്രവർത്തനങ്ങളെ റിപ്പോർട്ട് ചെയ്യാം.

4. **കൈയ്യോട്കൈ ക്യാമ്പയിന്റെ മുഖമുദ്രയായ പ്രവർത്തനമാണ് വിവിധ വിഭാഗങ്ങളിലെ ജനപങ്കാളിത്തം ഉറപ്പാക്കൽ**

സർക്കാറോ, ഉദ്യോഗസ്ഥരോ മാത്രമല്ല, **ജനങ്ങൾ മുഴുവൻ പങ്കെടുക്കണം** എന്നതാണ്

**നടത്താവുന്ന പ്രവർത്തനങ്ങൾ**

- Door-to-door awareness
- റാലികൾ
- Flash mobs
- മനുഷ്യച്ചങ്ങല
- Wall painting
- Park beautification
- Selfie points
- Street plays
- Essay/Painting competitions
- Home composting
- Plastic-free campaign
- Cloth bag promotion
- No littering / No spitting awareness
- ഓരോ സ്കൂളിലും ഒരു RRR Centre പ്രവർത്തനം
- Used clothes/books/toys collection.

**World Tourism Day — 27 സെപ്റ്റംബർ**

**27 സെപ്റ്റംബർ 2026** World Tourism Day-നോടനുബന്ധിച്ച്:

- Tourist destinations
- Beaches
- Pilgrim centres
- Heritage sites
- ASI sites
- Monuments
- High-footfall tourist areas

എന്നിവ ശുചീകരികരിച്ചും ബ്രാൻഡിംഗ് നടത്താനുമുള്ള പ്രചരണം.
അവിടെ **Responsible Tourism & Good Civic Behaviour** സംബന്ധിച്ച ബോധവൽക്കരണവും നടത്തണം.

**5. "Waste is Wealth" — മാലിന്യം ഒരു വിഭവമായി കാണുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ.**

പഴയ:

- തുണി
- പേപ്പർ
- പ്ലാസ്റ്റിക്
- E-waste

തുടങ്ങിയവ ഉപയോഗപ്രദമായ ഉൽപ്പന്നങ്ങളാക്കി മാറ്റുക.
മാലിന്യത്തിൽ നിന്ന്:

- Murals
- Sculptures
- Decorative items
- Benches
- Information signs

തുടങ്ങിയ കലാപരവും ഉപയോഗപ്രദവുമായ വസ്തുക്കൾ നിർമ്മിക്കാം.

**RRR Centres**

**Reduce - Reuse - Recycle** പ്രോത്സാഹിപ്പിക്കുന്ന RRR Centres ശക്തിപ്പെടുത്തണം.
Used:

- Clothes
- Books
- Toys
- Household items

എന്നിവ ശേഖരിച്ച് reuse, repair, redistribution, recycling എന്നിവ നടത്താം.

**Publicity & Branding**
SHS 2026-ന്:

- Logo
- Banners
- Hoardings
- Standees
- Social media creatives

ഉപയോഗിക്കാം.
**Hashtags**
**#SHS2026**
**#SwachhataHiSeva2026**
പ്രചാരണത്തിന്:

- Door-to-door communication
- Social media
- Schools/colleges
- SHGs
- Local influencers
- Billboards
- Buses
- Railway stations
- Waste collection vehicles
- TV/Radio

**Reporting & Monitoring**
SHS 2026-ൽ **documentation വളരെ പ്രധാനമാണ്.**
പ്രവർത്തനങ്ങളുടെ:

- Photos
- Before/After photos
- Attendance
- Activities
- Beneficiaries
- PPE distribution
- CTU transformation

തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.
**SHS 2026 IT Portal-ൽ campaign outcomes report ചെയ്യണം.**
D.O. Letter പ്രകാരം SHS പ്രവർത്തനങ്ങളുടെ വിവരങ്ങൾ **ദിവസേന portal-ൽ upload ചെയ്യണം.**

ഒക്ടോബർ 2ന് ദേശീയ തലത്തിൽ സ്വച്ഛതാ ഹി സേവാ ക്യാമ്പയിൻ അവസാനിക്കുമെങ്കിലും കേരളത്തിൽ സംസ്ഥാന സർക്കാറിന്റെ നേതൃത്വത്തിലുള്ള സീറോ വെയ്സ്റ്റ് ക്യാമ്പയിന് ബഹു. മുഖ്യമന്ത്രി സമാരംഭം കുറിക്കും